**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5197** **12-08-2021 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യസുരക്ഷാ ഓഫീസർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യസുരക്ഷാ വകുപ്പിൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യവകുപ്പിന്റെ പരിഗണനയിലുണ്ടോ; ഇതിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ഭക്ഷ്യ സുരക്ഷാ വകുപ്പിൽ ഭക്ഷ്യ സുരക്ഷാ ഓഫീസറുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിൽ ഇല്ല. സംസ്ഥാനത്തെ പ്രധാന ചെക്ക് പോസ്റ്റുകളായ അമരവിള, ആര്യങ്കാവ്, വാളയാർ എന്നീ 3 ചെക്ക് പോസ്റ്റുകളിലേക്കായി ഭക്ഷ്യ സുരക്ഷാ ഓഫീസറുടെ 3 അധിക തസ്തികകൾ കൂടി ആവശ്യപ്പെട്ട് 2021 ഫെബ്രുവരിയിൽ ഭരണ വകുപ്പ് ശിപാർശ സമർപ്പിച്ചിരുന്നു. ആയത് ധനവകുപ്പിൽ പരിശോധിച്ച് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. കൂടാതെ ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള വിവിധ സ്ഥാപനങ്ങളിലേക്കായി 411 അധിക തസ്തികകൾ സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 2021 ഫെബ്രുവരിയിൽ ഭരണ വകുപ്പ് ലഭ്യമാക്കിയ മറ്റൊരു ശിപാർശയിൽ 298 ഭക്ഷ്യ സുരക്ഷാ ഓഫീസർ തസ്തികകൾ ഉൾപ്പെട്ടിരുന്നു. ശിപാർശ പരിശോധിച്ച് സാങ്കേതിക വിഭാഗത്തിന്റേയും മിനിസ്റ്റീരിയൽ സ്റ്റാഫിന്റേയും ഏറ്റവും അത്യാവശ്യമുള്ള തസ്തികകൾ മാത്രം ഉൾപ്പെടുത്തി ഉന്നതതല ശിപാർശയോടെ ഫയൽ ലഭ്യമാക്കുവാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ജോലിഭാരവും ചുമതലകളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകാമോ? | (ബി) | ഭക്ഷ്യ സുരക്ഷാ വകുപ്പിൽ ഭക്ഷ്യ സുരക്ഷാ ഓഫീസറുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിൽ ഇല്ല. സംസ്ഥാനത്തെ പ്രധാന ചെക്ക് പോസ്റ്റുകളായ അമരവിള, ആര്യങ്കാവ്, വാളയാർ എന്നീ 3 ചെക്ക് പോസ്റ്റുകളിലേക്കായി ഭക്ഷ്യ സുരക്ഷാ ഓഫീസറുടെ 3 അധിക തസ്തികകൾ കൂടി ആവശ്യപ്പെട്ട് 2021 |

| | | | |
|---|---|---|---|
| | | | ഫെബ്രുവരിയിൽ ഭരണ വകുപ്പ് ശിപാർശ സമർപ്പിച്ചിരുന്നു. ആയത് ധനവകുപ്പിൽ പരിശോധിച്ച് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. കൂടാതെ ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള വിവിധ സ്ഥാപനങ്ങളിലേക്കായി 411 അധിക തസ്തികകൾ സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 2021 ഫെബ്രുവരിയിൽ ഭരണ വകുപ്പ് ലഭ്യമാക്കിയ മറ്റൊരു ശിപാർശയിൽ 298 ഭക്ഷ്യ സുരക്ഷാ ഓഫീസർ തസ്തികകൾ ഉൾപ്പെട്ടിരുന്നു. ശിപാർശ പരിശോധിച്ച് സാങ്കേതിക വിഭാഗത്തിന്റേയും മിനിസ്റ്റീരിയൽ സ്റ്റാഫിന്റേയും ഏറ്റവും അത്യാവശ്യമുള്ള തസ്തികകൾ മാത്രം ഉൾപ്പെടുത്തി ഉന്നതതല ശിപാർശയോടെ ഫയൽ ലഭ്യമാക്കുവാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ